**പതിനഞ്ചാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2095** **05-02-2026-ൽ മറുപടിയ്ക്ക്**

**<u>ന്യൂ കട്ട് വാട്ടർ സ്റ്റോറേജ് പദ്ധതി</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. കെ. പി. എ. മജീദ് ശ്രീ. വി. ഡി. സതീശൻ

(മുഖ്യമന്ത്രി)

**(എ)** തിരൂരങ്ങാടി നിയോജക മണ്ഡലത്തിലെ ന്യൂ കട്ട് പുഴയിൽ പാലത്തിങ്ങൽ മുതൽ ന്യൂ കട്ട് വരെ വരുന്ന ഭാഗം പ്രയോജനപ്പെടുത്തി ന്യൂ കട്ട് വാട്ടർ സ്റ്റോറേജ് പദ്ധതി എന്ന പേരിൽ ഒരു പദ്ധതി ഇൻലാൻഡ് നാവിഗേഷൻ വകുപ്പിന്റെ പരിഗണനയിലുണ്ടോ; വിശദമാക്കാമോ;

**<u>മറുപടി:</u>** ന്യൂകട്ട് റെഗുലേറ്റർ ദേശീയ ജലപാത മാനദണ്ഡങ്ങൾക്കനുസരിച്ച് ലോക്ക് കം റെഗുലേറ്ററായി പുതുക്കിപ്പണിയുന്നതിനുള്ള നടപടികളാണ് ഇൻലാൻഡ് നാവിഗേഷൻ വകുപ്പ് സ്വീകരിച്ചുവരുന്നത്.

**(ബി)** പ്രസ്തുത പദ്ധതിക്ക് അനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ;

**<u>മറുപടി:</u>** ന്യൂ കട്ട് റെഗുലേറ്റർ ദേശീയ ജലപാത നിലവാരത്തിൽ ലോക്ക് കം റെഗുലേറ്റർ ആയി പുതുക്കിപണിയുന്നതിന്റെ പ്രാരംഭമായി മണ്ണ് പര്യവേഷണ പ്രവൃത്തികൾ പൂർത്തീകരിച്ചിരുന്നു. ഡിസൈൻ തയ്യാറാക്കുന്നതിനായി ഇൻഡന്റ് തയ്യാറാക്കി ഇറിഗേഷൻ ഡിസൈൻ & റിസർച്ച് ബോർഡിന് (IDRB) നൽകിയിരുന്നതും ഡിസൈൻ ലഭ്യമാക്കുന്നതിന്റെ ഭാഗമായി ലൈൻ സ്കെച്ച് IDRB യിൽ നിന്നും ലഭ്യമായിട്ടുള്ളതുമാണ്.

**(സി)** ഈ പദ്ധതി ആരംഭിക്കുന്നതിന് എന്തെല്ലാം നടപടികളാണ് നിലവിൽ പൂർത്തീകരിച്ചിട്ടുള്ളത്; എന്തെല്ലാം നടപടികളാണ് ഇനി പൂർത്തീകരിക്കാൻ ഉള്ളത്; വിശദമാക്കാമോ;

**<u>മറുപടി:</u>** മണ്ണ് പര്യവേഷണ പ്രവൃത്തികൾ പൂർത്തീകരിച്ച് ഡിസൈൻ തയ്യാറാക്കുന്ന നടപടികൾ സ്വീകരിച്ചുവരുന്നു. പ്രവൃത്തിയുടെ ഡിസൈൻ ലഭ്യമായ ശേഷം മാത്രമെ വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കുവാൻ സാധിക്കുകയുള്ളൂ.

**(ഡി)** ഈ പദ്ധതിയുടെ ഫയൽ നിലവിൽ ഏത് ഓഫീസിലാണെന്നും ആരുടെ പക്കലാണെന്നും ഫയൽ നമ്പർ സഹിതം വിശദമാക്കാമോ;

**<u>മറുപടി:</u>** ന്യൂകട്ട് റെഗുലേറ്റർ ദേശീയ ജലപാത മാനദണ്ഡങ്ങൾക്കനുസരിച്ച് ലോക്ക് കം റെഗുലേറ്ററായി പുതുക്കിപ്പണിയുന്നതുമായി ബന്ധപ്പെട്ട് IDRB യിൽ നിന്നും ലഭ്യമായിട്ടുള്ള ലൈൻ സ്കെച്ചിന്മേലുള്ള അഭിപ്രായങ്ങൾ എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഇറിഗേഷൻ ഡിവിഷൻ, മലപ്പുറം

23.01.2026 ൽ ഡി3/20253/2014 ലഭ്യമാക്കിയിട്ടുള്ളത് ഉൾനാടൻ ജലഗതാഗതവും കുട്ടനാട് പാക്കേജും ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽ പരിശോധിച്ച് വരുന്നു.

**(ഇ)** ഈ പദ്ധതിയുടെ പൂർണമായ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ തയ്യാറാക്കിയ തീയതി, എസ്റ്റിമേറ്റ് തുക സഹിതം വിശദമാക്കാമോ?

**മറുപടി:** എസ്റ്റിമേറ്റ് തയ്യാറായിട്ടില്ല. പ്രവൃത്തിയുടെ ഡിസൈൻ ലഭ്യമായ ശേഷം മാത്രമേ വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കുവാൻ സാധിക്കുകയുള്ളൂ.

**സെക്ഷൻ ഓഫീസർ**